**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 864** **29-08-2022 - ൽ മറുപടിയ്ക്ക്**

**ദലിത് ക്രൈസ്തവരുടെ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടിക ജാതിയിൽ നിന്നും ക്രിസ്തു മതം സ്വീകരിച്ചവർക്ക് ജനസംഖ്യാനുപാതികമായി സംവരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വിവിധ ജനവിഭാഗങ്ങളുടെ കൃത്യമായ ജനസംഖ്യാ കണക്കുകൾ ലഭ്യമായിട്ടില്ല. നിലവിൽ വിഷയം പരിഗണനയിലില്ല. |
| (ബി) | ദളിത് ക്രൈസ്തവരുടെ സാമൂഹ്യ, സാമ്പത്തിക പിന്നാക്കാവസ്ഥ പരിഗണിച്ച് ആർട്ടിക്കിൾ 31 (സി) അനുസരിച്ച് സംവരണം നൽകുന്നതിന് നിയമ നിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | ദളിത് ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | കൃത്യമായ ഇടവേളകളിൽ ആനുകൂല്യം വർദ്ധിപ്പിച്ചു വരുന്നുണ്ട്. |
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പട്ടികജാതി വിഭാഗങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യം ദളിത് ക്രൈസ്തവർക്കും നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഇ) | പരിവർത്തിത ക്രൈസ്തവർക്ക് മാത്രമായി പ്രത്യേക കോർപ്പറേഷൻ രൂപീകരിച്ച് ഇവർക്ക് നൽകി വരുന്ന ലോൺ വ്യവസ്ഥകൾ ഉദാരമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | പരിവർത്തിത ക്രൈസ്തവർക്കും പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് ശിപാർശ ചെയ്യപ്പെട്ട സമുദായങ്ങൾക്കുമായി മാത്രം രൂപീകരിച്ച പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ ഈ രംഗത്ത് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ